DESPATCHED
On. 13/2/22


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1203*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **8561**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ.തേമ്പാമൂട് സഹദേവൻ,
കൺവീനർ,
ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം,
വെഞ്ഞാറമൂട്, തിരുവനന്തപുരം – 695 607
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
പാങ്ങോട് ഗ്രാമപഞ്ചായത്ത്,
പാങ്ങോട് പി.ഒ., തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്,
സിവിൽ സ്റ്റേഷൻ, നാലാം നില, കുടപ്പനക്കുന്ന് പി.ഒ.,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.08. 2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.09.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.09.2020 |
| ഹിയറിംഗ് നടന്ന തീയതി | 27.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ഡോ.തേമ്പാമൂട് സഹദേവൻ, 03.09.2020ന്

സമർപ്പിച്ച അപ്പീൽ ഹർജി 04.09.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1203(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്.

3. ഹർജിക്കാരൻ 05.06.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 07.07.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, കേരളമൊട്ടാകെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചിലവ് കണക്കുകളും ലഭ്യമായതും ചിലവഴിച്ചതുമായ ഫണ്ടുകളെ സംബന്ധിച്ച് രേഖപ്പെടുത്തി സൂക്ഷിക്കുന്നത് ഐ.കെ.എം.തയ്യാറാക്കി നൽകിയ സാംഖ്യ എന്ന സോഫ്റ്റ്‌വെയറിലൂടെയാണെന്നും പ്രസ്തുത സോഫ്റ്റ് വെയറിൽ നിന്നും റിപ്പോർട്ടുകൾ ലഭ്യമാവുന്നത് ഇംഗ്ലീഷ് ഭാഷയിലാണെന്നുമാണ്. മേൽ സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട പ്രകാരം മലയാളത്തിൽ വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നുവെന്നാണ്. അതോടൊപ്പം മുൻകൂട്ടി നിശ്ചയിച്ച സമയത്ത് ടിയാനോ ടിയാൻ ചുമതലപ്പെടുത്തുന്ന ഏതൊരാൾക്കുമോ ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാവുന്നതാണെന്നും അറിയിക്കുന്നുവെന്നുമാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 14.08.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീൽ പരിശോധിച്ചതിൽ ടിയാൻ 02.03.2020ൽ സമർപ്പിച്ചിരുന്ന ഒന്നാം അപ്പീൽ തീർപ്പാക്കി 12.05.2020ലെ ബി1-325/2020/കെ.ഡിസ് നമ്പരായി ഉത്തരവായിരുന്നുവെന്നും ആയതിന്മേൽ ആക്ഷേപമുള്ള പക്ഷം സംസ്ഥാന വിവരാവകാശ കമ്മീഷനെയാണ് സമീപിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നുവെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 15.10.2020ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ പാങ്ങോട് ഗ്രാമപഞ്ചായത്തിൽ വിവരാവകാശ നിയമപ്രകാരം 14.01.2020, 23.01.2020 എന്നീ തീയതികളിലായി നൽകിയ അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി നൽകിയില്ലെന്നും ആയതിന് രണ്ടും കൂടി ഒരു മറുപടിയാണ് നൽകിയതെന്നും അറിയിച്ച് ടി ഓഫീസിൽ സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവായെന്നും പാങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കും അപ്പീൽ വാദിയ്ക്കും അയച്ചിരുന്നുവെന്നാണ്. ആയതിൽ ടിയാന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് വെവ്വേറെ മറുപടി തയ്യാറാക്കി ടി ഉത്തരവ് കൈപ്പറ്റി 3 ദിവസത്തിനകം അപ്പീൽ വാദിയ്ക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നതിന് ഉത്തരവായിരുന്നതെന്നുമാണ്. എന്നാൽ ആയതിന് മറുപടി ലഭിച്ചില്ലെന്ന് അറിയിച്ച് വീണ്ടും അപ്പീൽ

സമർപ്പിക്കുകയും ആയതിനോടൊപ്പം ടിയാൻ വിവരാവകാശ നിയമപ്രകാരം 05.06.2020ലെ 118/20 നമ്പരായി നൽകിയ അപേക്ഷയും മറുപടി പകർപ്പും കൂടി ഉള്ളടക്കം ചെയ്താണ് അപേക്ഷ നൽകിയിരുന്നതെന്നും പ്രസ്തുത അപേക്ഷയിന്മേൽ ടിയാൻ 02.03.2020ൽ നൽകിയ ഒന്നാം അപ്പീൽ 12.05.2020ലെ ഉത്തരവു പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണെന്നും അതിന്മേൽ ആക്ഷേപമുള്ള പക്ഷം സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിക്കേണ്ടതാണെന്നും മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് ലഭ്യമായ വിവരം നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION - KERALA, THIRUVANANTHAPURAM